# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **04.03.2023** മുതൽ **08.03.2023** വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 18/2023 | തീയ്യതി: 03/03/2023 |
|---|---|

### എ. പിന്നിട്ട നാ ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 34.0 – 38.6 | 22.0– 25.0 | 35.7 – 68.0 | 00 – 10 |

### ബി. വരുന്ന നാല് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 04-03-2023 | 05-03-2023 | 06-03-2023 | 07-03-2023 | 08-03-2023 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 39 | 38 | 38 | 38 | 38 |
| കുറഞ്ഞ താപനില, °C | 22 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 65 | 65 | 65 | 65 | 65 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 45 | 45 | 45 | 45 | 45 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 4 | 3 | 3 | 2 | 2 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 60 | 60 | 70 | 70 | 70 |
| മേഘ വിന്യാസം, ഒക്ടാ | 0 | 0 | 2 | 1 | 0 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **മഴയില്ല**** | | |
| | മഴയില്ല. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപനിലയും തെളിഞ്ഞ ആകാശവും അനുഭവപ്പെടും.<br>വായു ഈർപ്പം കുറഞ്ഞു വരണ്ടതായിരിക്കും | | |
| **പൊതു നിർദ്ദേശങ്ങൾ** | ഇലകരിച്ചിൽ വാട്ടം മുതലായ പൂപ്പൽ രോഗങ്ങൾ അധികരിച്ചേക്കാം. രോഗബാധയുടെ പ്രാരംഭ ദശയിൽ തന്നെ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.<br>വരൾച്ചയെ പ്രതിരോധിക്കാൻ:-<br>1) വിളകളുടെ തടത്തിൽ പുതയിടുക.<br>2) സാധ്യമായിടങ്ങളിലൊക്കെ കണിക ജലസേചന രീതി അവലംബിക്കുക.<br>3) പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക. | | |

<table>
<tr><td></td><td colspan="3">4) നനയില്ലാത്ത വിളകൾക്ക് രാസവളങ്ങൾ, കോഴിവളങ്ങൾ എന്നിവ മിതമായി മാത്രം പ്രയോഗിക്കുക.<br>5) വിളകളുടെ തടിയിൽ കുമ്മായം പൂശുക<br>6) സൾഫേറ്റ് ഓഫ് പൊട്ടാഷ് അഞ്ച് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പതിനഞ്ചു ദിവസ ഇടവേളകളിൽ ഇലകളിൽ തളിക്കുക<br>7) വിളകളുടെ തടത്തിൽ വെള്ളം ആഗിരണം ചെയ്തു നിലനിർത്താൻ ശേഷിയുള്ള മണ്ണിര കമ്പോസ്റ്റ്/ചകിരിച്ചോറ് കമ്പോസ്റ്റ് വിതറുക.<br><br>ഊർപ്പ നഷ്ടം കുറക്കാനായ് മണ്ണിനു പുതയിടുക .കീട-രോഗ ബാധയില്ലാത്ത വിളകളുടെ അവശിഷ്ടങ്ങളോ പച്ചിലകളോ കരിയിലകളോ ഇതിനായി ഉപയോഗിക്കാം. തനതു വിളകളുടെ അവശിഷ്ടങ്ങൾ ഒഴിവാക്കുന്നത് പുതയിൽ പ്രസ്തുത വിളയെ ബാധിക്കുന്ന കീട രോഗങ്ങളുടെ പ്രജനനം ഒഴിവാക്കാൻ സഹായകരമാകും .മേൽമണ്ണ് ഇളക്കി പൊടിച്ചു നിയതമായി പരത്തിയിടുന്നത് പുതയിടുന്നതിനു സമാനമായ ഒരു രീതിയാണ്.ഇത് മണ്ണിലെ ഊർപ്പ നഷ്ടം തടയാൻ സഹായിക്കും.<br>പ്രായം കുറഞ്ഞ വൃക്ഷ വിളകൾ, തൈകൾ എന്നിവയെ നേരിട്ടുള്ള സൂര്യ പ്രകാശത്തിൽ നിന്നും മടഞ്ഞ ഓലകളാൽ ആവരണം ചെയ്തു സംരക്ഷിക്കുക.<br>നിർജലീകരണം തടയാനായി പക്ഷികൾക്കും കന്നുകാലികൾക്കും പകൽ സമയം ധാരാളം വെള്ളം കുടിക്കാൻ നൽകുക. . പാർപ്പിക്കുന്നിടങ്ങളിൽ അവയുടെ ദേഹത്ത് ഇടയ്ക്കിടെ വെള്ളം തൂവുകയും വശങ്ങളിൽ നിന്ന് ഫാൻ ചലിപ്പിക്കുകയും ചെയ്യുക.</td></tr>
<tr><td>വിവിധ വിളകൾ</td><td>വിവിധ ഘട്ടം</td><td>നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ<br><br>നിലവിൽ അനുഭവപ്പെടുന്ന വരണ്ട കാലാവസ്ഥ മുഞ്ഞ, തുള്ളൻ, മണ്ടരി, ചാഴി, വെള്ളീച്ച, മീലിമൂട്ട മുതലായ നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ വർദ്ധിക്കാൻ അനുയോജ്യമായ കാലാവസ്ഥയാണ്. മിക്കവയും മൊസൈക് പോലുള്ള രോഗങ്ങൾ ഉണ്ടാക്കുന്ന വൈറസിനെ പരത്തുന്നവയാണ്</td><td>5 മില്ലി വേപ്പെണ്ണ 1 ലിറ്ററിന് 5 ഗ്രാം വീതം സോപ്പ് ലയിപ്പിച്ച ഇളം ചൂടുള്ള ലായനിയിൽ ചേർത്തിളക്കി തയ്യാറാക്കിയ കീടനാശിനി തളിക്കുക<br>അല്ലെങ്കിൽ<br>മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ കീടനാശിനി തളിക്കുക.</td></tr>
<tr><td>നെല്ല്</td><td>മൂന്നാം വിള: ചെനപ്പു പൊട്ടുന്ന സമയം</td><td>ജലവിനിയോഗം<br></td><td>മണ്ണിൽ തലനാരിഴ കനത്തിൽ ചെറു വിള്ളലുകൾ വരുന്ന വേളകളിൽ പാടങ്ങളിൽ വെള്ളം കയറ്റുക. മണ്ണ് വരണ്ടുണങ്ങാതിരിക്കാൻ ശ്രദ്ധിക്കുക</td></tr>
</table>

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | വരൾച്ച | 1) താഴത്തെ നിരയിലെ രണ്ടു പച്ചോലകൾ വെട്ടി മാറ്റുക<br>2) തടത്തിൽ കമ്പോസ്റ്റ് വിതറുക<br>3) ഉണങ്ങിയ ഓലകൾ കൊണ്ട് പുതയിടുക<br>4) കണികാ ജലസേചനം സ്വീകരിക്കുക<br>5) തൈ തെങ്ങുകളെ തണൽ നൽകി സംരക്ഷിക്കുക |
| മാവ് | കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | നിലത്തു വീണു കിടക്കുന്ന കായീച്ചകളെ എടുത്തു 60 സെ. മീ. ആഴത്തിൽ കുഴി ഉണ്ടാക്കി നശിപ്പിക്കുക.<br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (സെന്റിന് ഒന്ന് വീതം) സ്ഥാപിക്കുക. |
| കവുങ്ങ് | കായ്ക്കുന്ന സമയം | പൂങ്കുല കരിച്ചിൽ<br> | ഉയർന്ന താപ ആർദ്ര സ്ഥിതി തുടരുന്നതിനാൽ രോഗം ഉണ്ടാകാൻ സാധ്യത. രോഗം കാണുകയാണെങ്കിൽ ഹെക്സകൊണസോൾ 1 മില്ലി /ലിറ്റർ അല്ലെങ്കിൽ ബോർഡോ മിശ്രിതം 1 % എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| മൃഗ സംരക്ഷണം | വിവിധ ഘട്ടം | <u>അത്യോഷ്മാവ്</u><br><br>അന്തരീക്ഷ ഊഷ്മാവ് അധികമാവുമ്പോൾ കൂടുതലായി അനുഭവപ്പെടുന്ന ചൂട് പുറന്തള്ളാൻ കഴിയാതെ ശരീരത്തിൽ തന്നെ അവശേഷിക്കുന്നത് വഴി മൃഗങ്ങളുടെ ശരീരം<br>താപസമ്മർദ്ദം (heat stress)-ന് അടിപ്പെടുന്നു. പശുക്കളിൽ അമിത താപസമ്മർദ്ദം ഉണ്ടാകുമ്പോൾ ഉമിനീർ ധാരാളമായി പുറന്തള്ളും. പശുക്കളുടെ സ്വാഭാവിക ദഹന വ്യവസ്ഥയെ ബാധിക്കുകയും തുടർന്ന്. തീറ്റയെടുക്കൽ കുറയുക, പ്രത്യുല്പാദന വ്യവസ്ഥയെ ബാധിക്കുക, മദിചക്രത്തെയും ഗർഭ ധാരണത്തെയും ബാധിക്കുക, ഉൽപ്പാദനം കുറയുക, പാലിന്റെ കൊഴുപ്പിന്റെ അളവ് കുറയുക എന്നിവയ്ക്ക് കാരണമായി തീരുകയും ചെയ്യും . | തൊഴുത്തിന്റെ മേൽക്കൂര സാമാന്യം ഉയരത്തിൽ ആയിരിക്കണം. തൊഴുത്തിൽ ധാരാളം വായു സഞ്ചാരമുണ്ടായിരിക്കണം ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട് ഷീറ്റ് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തു/കൂട് മുഴുവൻ മറച്ച തൊഴുത്തുകൾ/കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തിന് ചുറ്റും തണൽവൃക്ഷങ്ങളുണ്ടെങ്കിൽ ചൂട് കുറക്കുന്നതിന് സഹായിക്കും.<br>തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കാം. സീലിംഗ് ഫാനുകളെക്കാൾ ഗുണം ചെയ്യുക ചുമരിൽ പിടിപ്പിക്കാവുന്ന ഫാനുകളാണ്.<br>ധാരാളം ശുദ്ധ ജലം എപ്പോഴും കുടിക്കാൻ ലഭ്യമാക്കണം. ശരീര ഭാരത്തിന്റെ 60 ശതമാനത്തിലധികം ജലാംശമാണെന്നതും പാലിൽ ജലാംശം 80 ശതമാനത്തേക്കാൾ കൂടുതലാണെന്നതും മറക്കാതിരിക്കുക.<br>എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിന്റെ അളവു കൂട്ടുക. ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക.<br>പകൽ സമയങ്ങളിൽ, തൊഴുത്തിന് വെളിയിലാണെങ്കിൽ, മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക. |

| | | | |
|---|---|---|---|
| കോഴികളും വളർത്തു പക്ഷികളും | വിവിധ ഘട്ടം | വേനൽക്കാലപിരിമുറുക്കങ്ങളും രോഗങ്ങളും :  | അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നത് വളർത്തു കോഴികളെയും പക്ഷികളെയും പ്രതികൂലമായി ബാധിക്കും. പ്രതികൂല സാഹചര്യത്തെ പ്രതിരോധിക്കുന്നതിനായി പക്ഷികളെ സൂര്യരശ്മികൾ ഏൽക്കാത്ത വെള്ള പെയിന്റ് അടിച്ച മേൽക്കൂരകൾക്ക് താഴെ പാർപ്പിക്കുക.ഫാൻ, ദേഹത്തു തണുത്ത വെള്ളം തൂവുക എന്നിവ അവലംബിക്കുക. കുടിക്കാനായി ഐസ്, ഗ്ലൂക്കോസ് , ഒരു ശതമാനം സോഡിയം ബൈ കാർബോണറ്റ് എന്നിവ ചേർത്ത വെള്ളം നൽകുക. ചൂട് കുറഞ്ഞ രാവിലെയും വൈകുന്നേരങ്ങളിലും വിറ്റാമിനുകൾ, ഫോസ്ഫോറസ്, വൈറ്റമിൻ - സി എന്നിവ സമ്പുഷ്ടമാക്കിയ തീറ്റ നൽകുക |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത് (ഉടൻ നടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | **ശ്രദ്ധ (കാതോർക്കുക)** | **നിസ്സാരം (നടപടികൾ ആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി